Lalith Babu

**സർക്കാർ നിശ്ചിത ഫീസ് നിശ്ചയിച്ചിട്ടുള്ള രേഖകൾക്ക് വിവരാവകാശ നിയമത്തിലെ വ്യവസ്ഥപ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്നാ വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെ ഹൈ കോടതി സ്റ്റേ നിലവിലുള്ള സാഹചര്യത്തിൽ SPIO രേഖകൾക്ക് സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കിയത് വിവരാവകാശ കമ്മീഷൻ അംഗീകരിച്ചു**

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ സി.പി.445(3)/2024/എസ്.ഐ.സി

(ഫയൽ നം.706/എസ്.ഐ.സി - ജി1 /2024)

(ഉത്തരവുകൾ sic.kerala.gov.in – ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 07/10/2024

ശ്രീ. കെ. മുരളീധരൻ
കരുണാലയം,
തലപ്പുഴ പി.ഒ.
വയനാട് – 670 644

} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് രജിസ്ട്രാർ,
സബ് രജിസ്ട്രാർ ഓഫീസ്,
മാനന്തവാടി, വയനാട് – 670 645

} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/02/2024 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 03/02/2024 |
| ഹർജിക്കാരന്റെ പരാതി കമ്മീഷൻ കൈപ്പറ്റിയ തീയതി. | 08/02/2024 |

# ഉത്തരവ്.

പരാതി ഹർജിക്കാരനായ ശ്രീ. കെ. മുരളീധരൻ മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസിലെ എസ്.പി.ഐ.ഒ ക്ക് സമർപ്പിച്ച പരാതി ഹർജിക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്ന് ആരോപിച്ചാണ് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചത്.

2. പരാതി ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം എസ്.പി.ഐ.ഒ യോട് ആവശ്യപ്പെട്ടത് തവിഞ്ഞാൻ പഞ്ചായത്തിൽ തലപ്പുഴ 8 വാർഡ് തവിഞ്ഞാൻ അംശംതിണ്ടുമ്മൽ ദേശത്തിൽ റീ സർവ്വേ നമ്പർ 44 ൽ പ്പെട്ട 5 സെന്റ് ഭൂമി മംഗലശ്ശേരി ആസ്യാ എന്നവരുടെ ഉടമസ്ഥതയിലാണ്. പ്രസ്തുത ഭൂമി 2024 ജനുവരിയിൽ DOC No.78/2024 നമ്പർ പ്രകാരം മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. മേൽ നമ്പർ ആധാര പ്രകാരമുള്ള ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്ത ആധാരത്തിന്റെ പകർപ്പുകൾ അടങ്ങുന്ന വിവരങ്ങൾ ബഹു.ഹൈക്കോടതിയിൽ ഹാജരാക്കുന്നതിന് വേണ്ടിയും ജീവന് ഭീഷണിയുള്ളതിനാലും അനുവദിച്ചു തരണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

3. പരാതി ഹർജിയിൻമേൽ 15/05/2024 തീയതിയിലെ കത്ത് പ്രകാരം കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെടുകയും 11/06/2024 തീയതി എതിർകക്ഷികളുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.

4. ഹർജിയുമായി ബന്ധപ്പെട്ട് 30/09/2024 തീയതി കോഴിക്കോട് ജില്ലാ തല ഹിയറിംഗ് സംഘടിപ്പിക്കുകയും എസ്.പി.ഐ.ഒ ഹാജരായി മൊഴി നൽകുകയുമുണ്ടായി.

5. ഹർജികക്ഷി വിവരാവകാശ നിയമ പ്രകാരം 78/2024 നമ്പർ ആധാര പകർപ്പിന് അപേക്ഷിക്കുകയും ജീവന് ഭീഷണി ഉള്ളതായി പരാമർശിച്ചിരുന്നതിനാൽ ഹർജികക്ഷിയെ ഫോണിൽ വിളിച്ച് വിവരങ്ങൾ അന്വേഷിക്കുകയും പകർപ്പ് ലഭിക്കുന്നതിനായി ഒടുക്കേണ്ട ഫീസ് സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുകയും സി-92/2024 നമ്പർ കത്ത് പ്രകാരവും മറുപടി നൽകിയെന്നും എസ്.പി.ഐ.ഒ അറിയിച്ചു. തുടർന്ന് ഹർജികക്ഷി ഓഫീസിൽ നേരിട്ട് ഹാജരാകുകയും ആധാര പകർപ്പ് ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിയമപ്രകാരമുള്ള ഫീസ് ഒടുക്കുകയും അന്നേ ദിവസം തന്നെ ആധാര പകർപ്പ് നൽകുകയും ചെയ്തു

വെന്ന് എതിർകക്ഷി കമ്മീഷനെ ബോധിപ്പിച്ചു. ഹർജികക്ഷി അധിക ഫീസ് ഈടാക്കി എന്ന് ആരോപിച്ചുകൊണ്ട് കമ്മീഷന് പരാതി നൽകുകയും ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടതിനുള്ള വ്യക്തമായ റിപ്പോർട്ട് കമ്മീഷനും ഹർജികക്ഷിക്കും അയച്ചുനൽകിയെന്നും വിവരാവകാശ നിയമപ്രകാരം നൽകുന്ന രേഖാപകർപ്പുകൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് മാത്രമേ ചുമത്താവു എന്ന 04/02/2019 നു ബഹു. വിവരാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിനെതിരെ 19/12/2019 ന് സർക്കാർ ഫയൽ ചെയ്ത WP (C) 35173/2019(V) നമ്പർ കേസിൽ ബഹു.വിവരാവകാശ കമ്മീഷന്റെ മേൽ ഉത്തരവ് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിലാണ് നിശ്ചിത ഫീസ് ഒടുക്കി പകർപ്പ് കൈപ്പറ്റാവുന്നതാണെന്ന മറുപടി ഹർജികക്ഷിക്ക് നൽകിയതെന്നും രജിസ്ട്രേഷൻ വകുപ്പിന്റെ നിയമപ്രകാരമുള്ള ഫീസ് ഈടാക്കി യഥാസമയം വിവരങ്ങൾ അയച്ചുനൽകിയെന്നും എതിർകക്ഷി കമ്മീഷനെ ബോധിപ്പിച്ചു.

6. എസ്.പി.ഐ.ഒ യുടെ മൊഴിയും റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഈ ഫയലിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായി നടപടി സ്വീകരിച്ച് ഹർജികക്ഷിക്ക് സമയബന്ധിതമായി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൻമേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം (2024 ഒക്ടോബർ മാസം 07-ാം തീയതി) ഉത്തരവാകുന്നു.

(ഒപ്പ്)

ഡോ. എ. അബ്ദുൽ ഹക്കീം,

സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്,

ജോയിന്റ് സെക്രട്ടറി.

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *